കെ.എസ്.ഇ.ബി.യിലെ പെൻഷൻ ഫണ്ട്

112 (4103) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. എന്ന കമ്പനിയിൽ നിന്ന് പെൻഷൻ നൽകുന്നതിന് രൂപീകരിക്കുന്ന പെൻഷൻ ഫണ്ട് മാനേജ് ചെയ്യുന്നതിന് ഒരു മാസ്റ്റർ ട്രസ്റ്റ് രൂപീകരിക്കുമെന്ന് കൈമാറ്റ പദ്ധതിയിൽ വ്യവസ്ഥയുണ്ടോ; ട്രസ്റ്റിന്റെ പ്രവർത്തനം ആരംഭിച്ചോയെന്ന് വ്യക്തമാക്കുമോ; ആരൊക്കെയാണ് ട്രസ്റ്റിലെ അംഗങ്ങൾ ;

(ബി) കെ.എസ്.ഇ.ബി. കമ്പനിവത്കരണവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം പെൻഷൻ ഫണ്ടിനായുള്ള സർക്കാർ വിഹിതത്തിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) വ്യവസ്ഥയുണ്ട്. മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ട്രസ്റ്റിന്റെ ഭരണച്ചുമതല സംസ്ഥാന സർക്കാരും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും ചേർന്ന് നിയമിക്കുന്ന ബോർഡ് ഓഫ് ട്രസ്റ്റിക്കായിരിക്കും. മാസ്റ്റർ ട്രസ്റ്റിന്റെ ട്രസ്റ്റ് ഡീഡിനും ബൈ-ലോയ്ക്കും ഉള്ള അംഗീകാരം 24-11-2014-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 39/2014/പി.ഡി. പ്രകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ താഴെ പറയുന്നവർ ബോർഡ് ഓഫ് ട്രസ്റ്റീസിലെ അംഗങ്ങൾ ആയിരിക്കും.

1. ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ
2. ഡയറക്ടർ (ഫിനാൻസ്)
3. ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ ആന്റ് സേഫ്റ്റി)
4. ഡയറക്ടർ (ട്രാൻസ്മിഷൻ ആന്റ് സിസ്റ്റം ഓപ്പറേഷൻ)
5. ഡയറക്ടർ (ജനറേഷൻ)
6. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
7. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.)
8. ഫിനാൻഷ്യൽ അഡ്വൈസർ
9. ജീവനക്കാരുടെയും ഓഫീസർമാരുടെയും സംഘടനാ പ്രതിനിധികൾ.

(ബി) 31-10-2013-ലെ സ.ഉ. (പി)നമ്പർ 46/13/ഊർജ്ജ പ്രകാരം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly